കമ്മിറ്റിയുടെ റിപ്പോർട്ട് പബ്ലിക് സെക്ടർ റീ-സ്ട്രക്ചറിംഗ് ആൻറ് ഇൻറേണൽ ആഡിറ്റ് ബോർഡിനെക്കൊണ്ട് അവലോകനം നടത്തിക്കുകയുണ്ടായി. അതിനുശേഷം ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു കൂട്ടുകയും കേരള സോപ്സിൻറെ പ്രവർത്തനം ഉടനെ പുനരാരംഭിക്കുന്നതിനായി ഒരു കോടി രൂപ അടിയന്തിരമായി നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) ഇത് സംബന്ധിച്ച് തൊഴിലാളി സംഘടനാപ്രതിനിധികളുമായി ഉടനെ ചർച്ച നടത്താൻ ഉദ്ദേശിച്ചിട്ടില്ല.

(ജി) കമ്പനി 1992 മുതൽ പ്രവർത്തനരഹിതമായതിനാൽ പിരിഞ്ഞു പോയ ജീവനക്കാരുടെ എണ്ണം കൃത്യമായി കണക്കാക്കാൻ സാധിച്ചിട്ടില്ല.

വാളയാറിൽ ടെക്സ്റ്റയിൽ നഗരം സ്ഥാപിക്കുന്നതിനു നടപടി

16. [1409] ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് വാളയാറിൽ ടെക്സ്റ്റയിൽ നഗരം സ്ഥാപിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; ഈ ടെക്സ്റ്റയിൽ നഗരം എത്ര ഹെക്ടർ സ്ഥലത്താണ് സ്ഥാപിച്ചിരിക്കുന്നത് ;

(ബി) ഇതിന് കണക്കാക്കിയിട്ടുള്ള മൊത്തം ചെലവ് എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ടെക്സ്റ്റയിൽ നഗരം സ്ഥാപിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടന്നു വരുന്നു. ഇത് 406 ഏക്കർ സ്ഥലത്താണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി) ഇതിനു വേണ്ടിവരുന്ന മൊത്തം ചെലവ് ഇതുവരെ കണക്കാക്കിയിട്ടില്ല.

പാലക്കാട് കഞ്ചിക്കോട്ടിലെ വ്യവസായശാലകൾ

17. [1410] ശ്രീ. സി.എം. സുന്ദരം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് കഞ്ചിക്കോട്ടിൽ എത്ര വ്യവസായശാലകളാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ; ഓരോ ഫാക്ടറിയിലും എത്ര ജീവനക്കാർ ജോലിചെയ്യുന്നു ;

(ബി) ഇവരുടെ സേവനവേതന വ്യവസ്ഥകൾ എന്തെല്ലാം ;

(സി) ഈ ഫാക്ടറികളിൽ ഓരോന്നിലുമായി എത്ര പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, ആദിവാസികൾ വീതം സ്ഥിരം, അസ്ഥിരം ട്രെയിനികൾ എന്നീ വിഭാഗങ്ങളിൽ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഡി) സംവരണ വ്യവസ്ഥ പ്രകാരം ഓരോ ഫാക്ടറിയിലും എത്ര പേരെ നിയമിക്കാൻ അനുവദിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ); (ബി), (സി) ആൻറ് (ഡി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly